(ബി) അഞ്ച് വർഷ ആവർത്തന നിക്ഷേപ പദ്ധതിയിൽ ആളിനെ ചേർക്കാനും നിക്ഷേപങ്ങൾ വാങ്ങാനും വാങ്ങിയ തുക പോസ്റ്റാഫീസിൽ നിക്ഷേപിച്ചതിന്റെ രേഖകൾ നിക്ഷേപകന് നൽകാനുമുള്ള ബാദ്ധ്യതയാണ് മഹിളാപ്രധാൻ ഏജന്റുമാർക്കുള്ളത്.

(സി) ഉദ്ദേശമുണ്ട്.

(ഡി) ഉണ്ട്.

(ഇ) അന്വേഷിക്കും.

(എഫ്) പോസ്റ്റൽ അധികാരികളുടെ സമ്മതത്തിന് വിധേയമായി പുതിയ ഏജന്റുമാരെ നിയോഗിക്കുവാൻ നടപടി എടുക്കുന്നതാണ്.

**സർച്ചാർജ് ഇനത്തിൽ ലഭിച്ച തുക**

**8 (2456)** ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി സർച്ചാർജിനത്തിൽ കഴിഞ്ഞ അഞ്ചുവർഷം ഗവൺമെന്റിന് ലഭിച്ച തുക വാർഷികാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

(ബി) 2001 ആഗസ്റ്റ് 1 മുതൽ വില്പന നികുതിയിന്മേൽ 15% അധിക നികുതി ഏർപ്പെടുത്തിയതുമൂലം എത്ര രൂപ വരുമാനം 2003 മാർച്ച് 31 വരെ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) സർച്ചാർജ് ആണോ, 15% അധിക വില്പന നികുതിയാണോ കൂടുതൽ വരുമാനം ഉണ്ടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ തുക എത്ര എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**വില്പന നികുതി പിരിവിലെ കുറവുമൂലം ഖജനാവിനുണ്ടായ നഷ്ടം**

**9 (2457)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്പന നികുതിയിനത്തിൽ 2001-02, 2002-03 വർഷങ്ങളിൽ എന്തു തുക പിരിച്ചെടുത്തുവെന്ന് പറയാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വില്പന നികുതി പിരിച്ചെടുക്കുന്നതിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly